കേരള സർക്കാർ

നം. 178/ഡി.ബി-1/2018/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 23.02.2018.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് ഭവന നിർമ്മാണത്തിന് തുക വകയിരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) തദ്ദേശസ്വയംഭരണ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19/10/2017 ലെ തീരുമാനം നം.3.3
2) സ.ഉ.(എം.എസ്) നം.3875/2017/തസ്വഭവ. തീയതി 30/11/2017

പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2017-18 വാർഷിക പദ്ധതിയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ലൈഫ് പദ്ധതിയിൽ ഈ വർഷം പുതിയ വീട് വച്ച് നൽകാൻ ഉത്തരവായിട്ടില്ല. പൂർത്തീകരിക്കാത്ത വീടുകൾക്ക് പലയിടത്തും ഈ തുക മുഴുവനും ആവശ്യമില്ല എന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. കൂടാതെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലിസ്റ്റ് പ്രകാരം പൂർത്തീകരിക്കാത്ത വീടുകൾ ഇല്ല. ഈ സാഹചര്യത്തിൽ ചെലവഴിക്കാൻ കഴിയാത്ത തുക ഉപയോഗിച്ച് വീട് വയ്ക്കുന്നതിനും വീടിന് സ്ഥലം വാങ്ങുന്നതിനും അനുമതി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് സൂചന (1) ലെ സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഭവന നിർമ്മാണത്തിന്/ലൈഫ് മിഷന് വകയിരുത്തിയിരിക്കുന്ന തുക സർക്കാർ ഉത്തരവ് പ്രകാരം ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ വീടിന്റെ പൂർത്തീകരണത്തിന് ഉപയോഗിക്കണം. അതിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമമനുസരിച്ച് വീട് വച്ച് നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്.

2) ആയതിന് സൂചന (2) ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്ക് ബാധകമായിരിക്കും.
3) ലിസ്റ്റിലുള്ളവർക്ക് ഭവന നിർമ്മാണത്തിന് വസ്തു വാങ്ങി നൽകുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്.
4) ലൈഫ് മിഷൻ പ്രകാരം അംഗീകരിച്ച ലിസ്റ്റ് അനുസരിച്ച് വീടുകളുടെ പൂർത്തീകരണത്തിന് മതിയായ തുക വാർഷിക പദ്ധതി ഭേദഗതി സമയത്ത് വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും
എക്സിക്യൂട്ടീവ്, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പെർഫോമൻസ് ഓഡിറ്റ് ആഫീസർ
അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ